# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. **230** — 20.06.2012-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗക്കാർക്ക് ഭവന പദ്ധതി

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. ഹൈബി ഈഡൻ | കുമാരി പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പട്ടികവർഗ്ഗക്കാർക്കുള്ള സമ്പൂർണ്ണ ഭവന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;<br>(ബി) പദ്ധതി നടപ്പിലാക്കിയപ്പോൾ ഒഴിഞ്ഞു പോയ കുടുംബങ്ങൾക്കും വീടു നൽകുന്ന കാര്യം പരിഗണിക്കുമോ ; | (എ) & (ബി) പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സമ്പൂർണ്ണ ഭവന പദ്ധതി എന്ന പേരിൽ ഒരു പ്രത്യേക ഭവന പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ ഭവനരഹിതരും വാസയോഗ്യമല്ലാത്ത വീടുകളിൽ കഴിയുന്നവരുമായ എല്ലാ പട്ടികവർഗ്ഗക്കാർക്കും വീട് നിർമ്മിച്ച് നൽകുക എന്നത് സർക്കാരിന്റെ ലക്ഷ്യമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ പ്ലാൻ ഫണ്ട്, പൂൾഡ്-കോർപ്പസ് ഫണ്ട്, അടിയ-പണിയ, പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള പ്രത്യേക പാക്കേജ് പദ്ധതി, ആദിവാസി പുനരധിവാസ മിഷൻ പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതിയ്ക്കുള്ള പ്രത്യേക കേന്ദ്ര സഹായം എന്നിവയിൽ ഉൾപ്പെടുത്തി ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം നൽകി വരുന്നു. |
| (സി) നിർമ്മാണം മുടങ്ങിവച്ച വീടുകളുടെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുമോ ; | (സി) നിർമ്മാണം ആരംഭിച്ച വീടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ? | (ഡി) വീടുകൾ അനുവദിച്ച് നൽകിയ സ്ഥലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരും എസ്.റ്റി.പ്രൊമോട്ടർമാരും നിരന്തരം സന്ദർശിച്ച് വീടുപണിയുടെ പുരോഗതി വിലയിരുത്തി ഗുണഭോക്താക്കളോട് സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനു നിർബന്ധം ചെലുത്തിവരുന്നു. കൂടാതെ ത്രിതല പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ സേവനവും ഇതിനായി വിനിയോഗിക്കുന്നു. |

സെക്ഷൻ ഓഫീസർ